(ബി) സി.ഇ. ഓഫീസിലെ എല്ലാ വിഭാഗങ്ങളും ഒരു നെറ്റുവർക്കിന്റെ കീഴിൽ കൊണ്ടുവരുന്ന നടപടി ഏതാണ്ട് പൂർത്തിയായിക്കൊണ്ടിരിക്കുന്നു. സെക്ഷൻ ഓഫീസുകൾ, സി. ഇ. ഓഫീസുകൾ, സെക്രട്ടേറിയേറ്റ് ഇവയെല്ലാം കൂടി ഒരു ശൃംഖലയുടെ കീഴിൽ കൊണ്ടുവരുന്ന പ്രവർത്തനം ഘട്ടംഘട്ടമായി ഏറ്റെടുത്ത് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

പൊതുമരാമത്ത് വകുപ്പിലെ സീനിയോറിറ്റി സെല്ലിലെ പ്രവർത്തന കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടി

101 (3742) ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരള പൊതുമരാമത്ത് വകുപ്പിലെ സീനിയോറിറ്റി സെല്ലിന്റെ പ്രവർത്തനം കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

കുറ്റാലം പാലസിന്റെ മേൽനോട്ടവും ഭരണവും

102 (3743) ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള കുറ്റാലം പാലസിന്റെ മേൽനോട്ടവും ഭരണവും ഏത് ഉദ്യോഗസ്ഥനിലാണ് നിക്ഷിപ്തമായിട്ടുള്ളത് ;

(ബി) ഭരണവും മേൽനോട്ടവും പാരമ്പര്യമായി നടത്തിവരുന്ന വ്യക്തികളിലാണ് എങ്കിൽ അതിന് ആധാരമായിട്ടുള്ള കാര്യങ്ങളെന്താണ് ; വിശദാംശം വെളിപ്പെടുത്താമോ ;

(സി) ഇപ്പോൾ കുറ്റാലം പാലസ് സൂപ്രണ്ട് തസ്തികയിൽ സേവനം അനുഷ്ഠിക്കുന്നതാരാണ് ; ഇദ്ദേഹത്തിന്റെ പേരു വിവരവും യോഗ്യതയും വെളിപ്പെടുത്തുമോ ;

(ഡി) പാലസ് സൂപ്രണ്ട് തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ ;

(ഇ) പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള വിവിധ സംസ്ഥാനങ്ങളിലായി അനധികൃത കൈയേറ്റത്തിന് വിധേയമായിട്ടുള്ളതുമായ വസ്തുവകകളുണ്ടോ ; എങ്കിൽ ഏതെല്ലാം ;

(എഫ്) അവ വീണ്ടെടുക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കുറ്റാലം പാലസിന്റെ മേൽനോട്ടവും ഭരണവും പാലസ് സൂപ്രണ്ട്, പുനലൂർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവരിലാണ് നിക്ഷിപ്തമായിട്ടുള്ളത്.

(ബി,സി&ഡി) ഡി. വേലായുധൻ, (3/46-പിള്ളയാർ തെരുവ്, കാശിമഞ്ചുപുരം, കുറ്റാലം) എന്നയാളാണ് ഇപ്പോൾ പാലസ് സൂപ്രണ്ടായി ജോലി ചെയ്തു വരുന്നത്. രാജഭരണകാലം മുതൽ ഇദ്ദേഹത്തിന്റെ കുടുംബക്കാരാണ് പാലസ് സൂപ്രണ്ട് തസ്തികയിൽ ജോലി ചെയ്തു വരുന്നതെന്നും ഇദ്ദേഹത്തിന്റെ കുടുംബ വകയായിരുന്ന പ്രസ്തുത സ്ഥലം രാജാവിന് കൈമാറിയപ്പോൾ ഈ കുടുംബത്തിലെ ഒരംഗത്തിന് ഈ തസ്തികയിൽ ജോലി നൽകാമെന്ന് വാഗ്ദാനം നടത്തിയിട്ടുണ്ടെന്നും രേഖകളിൽ കാണുന്നു. ഇപ്പോഴത്തെ പാലസ് സൂപ്രണ്ട് എസ്. എസ്. എൽ.സി പാസായിട്ടുണ്ട്. ഇദ്ദേഹത്തെ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ചതിനു ശേഷം നിയമനം റെഗുലറൈസ് ചെയ്തിട്ടുണ്ട്. ഈ തസ്തികയ്ക്ക് യോഗ്യതയൊന്നും ഇതുവരെ നിശ്ചയിച്ചിട്ടില്ല.

(ഇ & എഫ്) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തിന് പുറത്ത് കുറ്റാലത്ത് മാത്രമാണ് വസ്തുവകകളുള്ളത്. ഇവിടെ അനധികൃത കൈയേറ്റമൊന്നും നടന്നിട്ടില്ല.

ഫെറിമാന്മാരുടെ ജോലി സമയം

103 (3744) ശ്രീ. മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള ഫെറിമാന്മാരുടെ ജോലി സമയം രാവിലെ 5 മണി മുതൽ രാത്രി 9 മണിവരെ 16 മണിക്കൂർ ആക്കി ഉയർത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) ഇതിനെതിരെ ജീവനക്കാരുടെയോ, സംഘടനകളുടെയോ പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരാതി നൽകിയത് ആരെല്ലാം; പ്രസ്തുത പരാതികളിന്മേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചു;

(സി) വർദ്ധിപ്പിച്ച ജോലി സമയത്തിന് കൂടുതൽ ആനുകൂല്യം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ;

(ഡി) തുടർച്ചയായി 16 മണിക്കൂർ ജോലി ചെയ്യുമെന്ന വ്യവസ്ഥ ജീവനക്കാരുടെ ആരോഗ്യ-മാനസിക നിലകളെ ദോഷകരമായി ബാധിക്കും എന്നതിനാൽ ഈ ഉത്തരവ് പിൻവലിക്കാൻ സർക്കാർ തയ്യാറാവുമോ ?

LIBRARY ARCHIVES Kerala Legislative Assembly